## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1723** — **15-03-2022 - ൽ മറുപടിയ്ക്ക്**

## താൽക്കാലിക അഫിലിയേഷൻ മാത്രമുള്ള സർക്കാർ കോളേജുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർവകലാശാലകളുടെ താൽക്കാലിക അഫിലിയേഷൻ മാത്രമുള്ള സർക്കാർ കോളേജുകൾ ഏതൊക്കെയെന്നും എത്ര വർഷമായി ഇവയ്ക്ക് താൽക്കാലിക അഫിലിയേഷൻ മാത്രമേ ലഭിക്കുന്നുള്ളുവെന്നും വ്യക്തമാക്കാമോ; ഓരോ കോളേജിനും സ്ഥിരം അഫിലിയേഷൻ ലഭിക്കുന്നതിന് എന്തൊക്കെ തടസ്സങ്ങളാണുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | സ്ഥിരം അഫിലിയേഷൻ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് കോളേജ് തിരിച്ച് വിശദമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | സർക്കാർ കോളേജുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏതെല്ലാം കോളേജുകൾക്ക് എത്ര വീതം തുക അനുവദിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; | (സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | കേരള സർവകലാശാലയുടെ താൽക്കാലിക അഫിലിയേഷനോടെ പ്രവർത്തിക്കുന്ന അമ്പലപ്പുഴ ഗവ. കോളേജിന് സ്ഥിരം അഫിലിയേഷനും യു.ജി.സി. അക്രഡിറ്റേഷനും ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | അമ്പലപ്പുഴ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന്, 28.09.2018 ലെ സിൻഡിക്കേറ്റ് തീരുമാന പ്രകാരം, 05.11.2018 ന് അഫിലിയേഷൻ സ്ഥിരീകരണം [confirmation of affiliation] നൽകിക്കൊണ്ട് കത്തു നൽകിയിട്ടുണ്ട്. |
| (ഇ) | പുതിയ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ അനുവദിക്കുമ്പോൾ സർക്കാർ കോളേജുകൾക്ക് മുൻഗണന നൽകുമോ; വിശദമാക്കാമോ? | (ഇ) | വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ